(എ) ദാരിദ്ര്യരേഖയിൽ താഴെയുള്ളവർക്ക് കാലവർഷക്കെടുതിയിലും മറ്റും സൗജന്യറേഷൻ നൽകുന്നതിന് ജില്ലകൾ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ്;

(ബി) ഈ വർഷം ഏതെല്ലാം ജില്ലകളിൽ സൗജന്യറേഷൻ നൽകി;

(സി) കടലോരപ്രദേശങ്ങളിൽ ജനങ്ങൾ കാലവർഷക്കെടുതിയിൽ തൊഴിൽ രഹിതരാകുമ്പോൾ അവർക്ക് സൗജന്യറേഷൻ നൽകാൻ മുൻഗണന നൽകുമോ?

ഉത്തരം

(എ) കാലവർഷം മൂലം ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങൾ ദുരിതമനുഭവിക്കുകയാണെന്നും തൊഴിൽരഹിതരായിത്തീർന്നെന്നും ആകയാൽ അവർക്ക് സൗജന്യറേഷൻ അനുവദിച്ച് നൽകേണ്ടതാണെന്നും ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സൗജന്യറേഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലെ ഫണ്ടിന്റെ പരിമിതി കാരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കാണ് മിക്കവാറും സന്ദർഭങ്ങളിൽ സൗജന്യറേഷൻ അനുവദിച്ച് നൽകുന്നത്. ഇങ്ങനെ സൗജന്യറേഷൻ അനുവദിച്ച് നൽകുന്നത് ജില്ലകൾ തെരഞ്ഞെടുത്തല്ല.

(ബി) ഈ വർഷം തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് സൗജന്യറേഷൻ അനുവദിച്ചു നൽകി.

(സി) കടലോരപ്രദേശങ്ങളിൽ സൗജന്യറേഷൻ അനുവദിച്ച് നൽകേണ്ട അവസ്ഥ സംജാതമായതായി ജില്ലാ കളക്ടർമാർ ശുപാർശ ചെയ്യുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിക്കുന്നതിന് സംവിധാനം

90 (2146) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണ പരിപാടി അനുസരിച്ച് ലക്ഷക്കണക്കിന് തുകയുടെ പ്രോജക്ടുകൾ അംഗീകരിച്ചുകൊടുത്തു കഴിഞ്ഞാൽ ഇവ നടപ്പാക്കുന്നത് എപ്രകാരമാണെന്ന് പരിശോധിക്കുന്നതിന് ഈ പ്രോജക്ടുകൾ അന്തിമമായി അംഗീകരിച്ചു കൊടുക്കുന്നവർക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള ഒദ്യോഗിക അധികാരം ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇവർ ഈ അധികാരം ഉപയോഗിക്കുകയും പരിശോധന നടത്തുകയും ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പരിശോധനകളെ തുടർന്നുള്ള റിപ്പോർട്ടുകൾ ശേഖരിക്കുന്നതിലും അതിന്റെ അടിസ്ഥാനത്തിൽ കുറ്റങ്ങളും കുറവുകളും കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സ്വികരിച്ചുവരുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ;

(ഇ) പരാതികളുടെ അടിസ്ഥാനത്തിലല്ലാതെയുള്ള ഈ പരിശോധന എല്ലാ പഞ്ചായത്തുകളിലും കൃത്യമായി നടത്താൻ ഇപ്പോൾ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്)ജനകീയാസൂത്രണം വഴി അനുവദിച്ചു കിട്ടുന്ന പണം ചെലവഴിക്കുന്നത് കുറ്റമറ്റ രീതിയിലായിരിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് സർക്കാർ നേരിട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പദ്ധതിനിർവ്വഹണ ചുമതലയും മോണിട്ടറിംഗും അതതു തദ്ദേശഭരണസ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്.

(സി) തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളും മറ്റും പരിശോധിക്കുന്നതിനായി പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെ നിയോഗിച്ചിട്ടുണ്ട്.

(ഡി) പെർഫോമൻസ് ഓഡിറ്റ് വിഭാഗവും, ധനകാര്യ ഇൻസ്പെക്ഷൻ വിംഗും, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് വിഭാഗവും, അക്കൗണ്ടന്റ് ജനറലും നടത്തുന്ന പരിശോധനകളുടെ റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകതകൾ സർക്കാർ പരിശോധിച്ച് പരിഹരിക്കാവുന്നവ പരിഹരിക്കുകയും ഗുരുതരമായ ക്രമക്കേടുകൾക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ശിക്ഷണ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കഴിയുന്നുണ്ട്.

(എഫ്)തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയുള്ള പദ്ധതി നിർവ്വഹണത്തിനുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. ഇവയിൻമേലുണ്ടായിട്ടുള്ള സംശയങ്ങൾ ദൂരീകരിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പരമാവധി കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അവ പോരെന്നു കണ്ടാൽ മാത്രമേ കൂടുതൽ നടപടികൾ ആവശ്യമായി വരികയുള്ളു.

ജനകീയാസൂത്രണ പരിപാടി അനുസരിച്ച് 1999-2000 വർഷത്തിലെ വാർഷികപദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

91 (2147)ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

LIBRARY ARCHIVES Kerala Legislative Assembly